**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-നഗരകാര്യം-കൊച്ചി നഗരസഭയിലെ അഡീഷണൽ സെക്രട്ടറിയായി വിരമിച്ച ശ്രീ സൈഫുദ്ദീന് നോഷണൽ പ്രൊമോഷൻ അനുവദിച്ച്-ഉത്തരവ് പുറപ്പെടുവിക്കുന്നു.

===

**തദ്ദേശസ്വയംഭരണ (ഇയു) വകുപ്പ്**

സ.ഉ (സാധാ) നം. 3199/2018/തസ്വഭവ തിരുവനന്തപുരം,തീയതി,. 19.12.18

===

പരാമർശം:- 1. സ.ഉ(സാധാ)3950/2017/തസ്വഭവ തീയതി 08.12.2017.

2. നഗരകാര്യ ഡയറക്ടറുടെ 02.02.2018-ലെ ഇ.2-721/18 നമ്പർ കത്ത്.

പരാമർശം (1) പ്രകാരം കൊച്ചി കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറിയായി പ്രൊമോഷൻ ലഭിച്ച് നിയമിതനായ ശ്രീ സൈഫുദ്ദീൻ 30.04.18-ൽ സർവ്വീസിൽ നിന്നും വിരമിച്ചു. ശ്രീ സൈഫുദ്ദീന്റെ പേരിൽ അച്ചടക്കനടപടി നിലവിലുണ്ടായിരുന്നതിനാൽ 30.03.2017 തീയതിയിൽ ചേർന്ന ഡി.പി.സി(ഹയർ) യോഗം പരിഗണിച്ചിട്ടില്ലാത്തതും തുടർന്ന് ടിയാൾ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ 4431/2017 നം. കേസിന്റെ വിധിന്യായ പ്രകാരം റിവ്യൂ ഹർജി പരിഗണിച്ച് 27.09.2017 തീയതിയിൽ കൂടിയ അഡ്ഹോക്ക് ഡി.പി.സി (ഹയർ) യോഗത്തിൽ ശ്രീ സൈഫുദ്ദീന്റെ സീനിയോറിറ്റി പുനസ്ഥാപിച്ച് ടിയാൾക്ക് ജൂനിയറായ ശ്രീ വി.ജെ കുര്യന് മുകളിൽ കോർപ്പറേഷൻ/അഡീഷണൽ കോർപ്പറേഷൻ സെക്രട്ടറി തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി ഉത്തരവായിരുന്നു.

ശ്രീ സൈഫുദ്ദീന്റെ തൊട്ടു ജൂനിയറായ ശ്രീ വി.ജെ.കുര്യന് പ്രൊമോഷൻ അനുവദിച്ച 05.05.2017 തീയതിയിലെ ഉത്തരവിന്റെ പ്രാബല്യത്തിൽ ശമ്പളാനുകൂല്യങ്ങൾ

ലഭ്യമാക്കുന്നതിനായി പരാമർശം (2) പ്രകാരം നഗരകാര്യ ഡയറക്ടർ ശുപാർശ നൽകിയിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ശ്രീ റ്റി.എസ് സെയ്ഫുദ്ദീന്റെ തൊട്ടു ജൂനിയറായ ശ്രീ വി.ജെ.കുര്യൻ കോർപ്പറേഷൻ സെക്രട്ടറി/അഡീഷണൽ സെക്രട്ടറി തസ്തികയിൽ ചാർജ്ജെടുത്ത 06.05.2017 തീയതി പ്രാബല്യത്തിൽ ശമ്പള കുടിശ്ശികയ്ക്ക് അർഹതയില്ല എന്ന വ്യവസ്ഥയിൽ ശ്രീ റ്റി.എസ്.സൈഫുദ്ദീന് നോഷണൽ പ്രൊമോഷൻ അനുവദിച്ചും പ്രസ്തുത നോഷണൽ പേയുടെ അടിസ്ഥാനത്തിൽ ടിയാളുടെ പെൻഷൻ ആനുകൂല്യങ്ങൾ പുനർ നിർണ്ണയിക്കുന്നതിനും നഗരകാര്യ ഡയറക്ടർക്കു നിർദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

എസ് മോഹൻദാസ്

അഡീഷണൽ സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറിക്കു വേണ്ടി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്/എ&ഇ)

സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ്, തിരുവനന്തപുരം

ശ്രീ റ്റി.എസ് സെയ്ഫുദ്ദീൻ, റിട്ടയേർഡ് അഡീഷണൽ സെക്രട്ടറി, കൊച്ചി നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഐ.കെ.എം

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ